ഉത്തരം

(എ) കേരളോത്സവത്തിന് യുവജനക്ഷേമ ബോർഡ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം ഈ വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമിക തലത്തിൽ 2009 മുതൽ 20-20 ക്രിക്കറ്റും 2010 മുതൽ വഞ്ചിപ്പാട്ടും, ഹാൻഡ്ബോൾ, സോഫ്റ്റ്ബോൾ, പഞ്ചഗുസ്തി എന്നീ മത്സരങ്ങൾ ജില്ലാ/സംസ്ഥാനതലത്തിലും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

**യൂത്ത് ക്ലബുകളുടെ പ്രവർത്തനം**

155 (221) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ കൂട്ടായ്മയായ 'യൂത്ത് ക്ലബുകൾ' രൂപീകരിക്കുന്നതിന് യുജനക്ഷേമ വകുപ്പ് ചെയ്യുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകൾക്ക് സർക്കാരിൽ നിന്ന് എന്തെല്ലാം ധനസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ കീഴിലുള്ള പഞ്ചായത്ത് യൂത്ത് സെന്ററുകൾ മുഖേന പ്രദേശത്തെ യുവജന കൂട്ടായ്മകളെ സൊസൈറ്റി ആക്ട് പ്രകാരം യൂത്ത് ക്ലബുകളായി രജിസ്റ്റർ ചെയ്യിക്കുന്നതിനും തുടർന്ന് യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യിക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്തുവരുന്നു.

(ബി) യുവജന ക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത യുവജന ക്ലബുകൾക്ക് താഴെ പറയുന്ന പദ്ധതികൾ/പരിപാടികൾ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

1. സ്വയംതൊഴിൽ പരിശീലനം
2. ബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ
3. നേതൃത്വ പരിശീലനങ്ങൾ
4. സാഹസിക പരിശീലനങ്ങൾ
5. കാർഷിക വികസന പദ്ധതികൾ
6. നാടൻ കലാ പരിശീലനം.

കൂടാതെ ക്ലബുകൾ തയ്യാറാക്കി സമർപ്പിക്കുന്ന മറ്റു പ്രോജക്ടുകൾക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly